LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ബെനവലന്റ് സ്കീം - സഹകരണ സ്വകാര്യ ആശുപത്രികൾക്ക് നൽകുന്ന ഫണ്ട്

238 (586) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെട്ട സഹകരണ-സ്വകാര്യ ആശുപത്രികളിലെ രോഗികൾക്ക് നൽകിയ ചികിത്സയുടെ ക്ലെയിം ഫയലുകളിൽ എത്ര സമയത്തിനകമാണ് ഫണ്ട് നൽകാൻ സംവിധാനമുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) 2014 ഡിസംബർ 31 വരെ എത്ര രൂപയുടെ ഫണ്ടാണ് സഹകരണ-സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെട്ട സഹകരണ- സ്വകാര്യ ആശുപത്രികളിലെ രോഗികൾക്ക് നൽകിയ ചികിത്സകൾക്ക് 3 മാസത്തിനകമാണ് ഫണ്ട് നൽകാൻ സംവിധാനമുള്ളത്.

(ബി) 31-12-2014 വരെ പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സഹകരണ-സ്വകാര്യ ആശുപത്രികളിൽ, 69 ആശുപത്രികളിലായി 2059 ക്ലെയിമുകളിൽ 6,69,02756 രൂപ നൽകാനുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട്

239 (587) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ബെനവലന്റ് ഫണ്ട് ലഭിക്കുന്നതിനുവേണ്ടി ശ്രീ. സുകു, പാടത്ത് കാപ്പുമ്മൽ, പേരാമ്പ്ര പി. ഒ., കോഴിക്കോട് എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്നും എപ്പോൾ വിതരണം ചെയ്യുമെന്നും അറിയിക്കുമോ ?

ഉത്തരം

ശ്രീ. സുകു, പാടത്ത് കാപ്പുമ്മൽ, പേരാമ്പ്ര പി. ഒ., കോഴിക്കോട് എന്നയാൾക്ക് പെരിറ്റോണിയൽ ഡയാലിസിസ് ചികിത്സ നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 2,00,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ടിയാൾക്ക് ചികിത്സയ്ക്കായിട്ടുള്ള മരുന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി ലഭ്യമാക്കുന്നതാണ്.